(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ.14/984/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തീയതി:14.07.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ദേവികുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- ദേവികുളം ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയള വിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23,1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-14/984/2017

തിയതി:14.07.2017

## ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.10.2016 മുതൽ 1.7.2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം വി | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 3.7.2017 മുതൽ 10.7.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. വിനോദ് കെ കെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. രാജീവ് എം. എസ് | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സാമുവൽരാജ് ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസീസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എം ഗോവിന്ദസ്വാമി | 1.4.2016 മുതൽ 31.3.2017വരെ |
| സെക്രട്ടറി | ശ്രീ. എസ്. വിനുകുമാർ | 1.4.2016 മുതൽ 8.8.2016 വരെ |
| | ശ്രീ. വി. എസ് പാൽസ്വാമി | 9.8.2016 മുതൽ 31.3.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ബിനു ഗോപാൽ<br>ശ്രീ.ജി.ശ്രീകുമാർ | 01.04.2016 മുതൽ 31.12.2016 വരെ<br>05.01.2017 മുതൽ 31.03.2017 വരെ |
| അസ്സിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ സനി എം നായർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.രഞ്ജിനി മാത്യൂസ് | 01.04.16 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ദീപ്തി കെ.എച്ച്.<br>ഡോ.അനൂപ് ജോസ് | 01.04.16 മുതൽ 9.08.2016 വരെ<br>10.08.16 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.അർച്ചന.എസ്. | 01.04.16 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാഹുൽ.എസ് | 01.04.16 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജോജോ സേവ്യർ | 01.04.16 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ ഗവ.എൽ.പി സ്കൂൾ | ശ്രീ.സുബ്രമണിയൺ.കെ | 01.04.16 മുതൽ 31.03.2017 വരെ |
| കൃഷി ഓഫിസർ | ശ്രീമതി.പമിള വിമൽരാജ് | 01.04.16 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ജയ.കെ.പി | 01.04.16 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | 1-1 | ബജറ്റ്. |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക. |
| 3 | 1-3 | അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |

| | | |
|---|---|---|
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം. |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ |
| | ഭാഗം 2 | |
| 13 | 2-1 | തനത് ഫണ്ട് അക്കൗണ്ട് റിക്കൺസിലിയേഷനിൽ ഗുരുതരമയ പൊരുത്തക്കേട് |
| 14 | 2-2 | വസ്തുനികുതി ക്രമവിരുദ്ധമായി എഴുതി തള്ളിയിരിക്കുന്നു. |
| 15 | 2-3 | വസ്തു നികുതി വൻതുക കുടിശികയിനത്തിൽ അവശേഷിക്കുന്നു. |
| 16 | 2-4 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 17 | 2-5 | വാടക രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല |
| 18 | 2-6 | വസ്തു നികുതി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. |
| | ഭാഗം 3 | |
| 19 | 3-1 | നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിൽ വൻതുക ചെലവാകാതെ അവശേഷിക്കുന്നു. |
| 20 | 3-2 | തേനീച്ചപ്പെട്ടികൾ ലഭ്യമാക്കിയിട്ടില്ല.ചെലവ് തടസ്സം ₹62250/- |
| 21 | 3-3 | ന്യൂട്രിമിക്സ് യൂണിറ്റുകൾ സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല. |

| | | |
|---|---|---|
| 22 | 3-4 | ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടില്ല |
| 23 | 3-5 | പാലിയേറ്റിവ് കെയർ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.ചെലവ് തടസ്സം ₹288030/- |
| | ഭാഗം 4 | |
| 24 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം. |
| 25 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ. |
| 26 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. |
| 27 | 4-4 | വായ്പ /വായ്പാ തിരിച്ചടവ്. |
| 28 | 4-5 | സ്ഥിര നിക്ഷേപങ്ങൾ. |
| 29 | 4-6 | ഓഡിറ്റ് റിക്കവറി |
| 30 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 31 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 32 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2016-17 വർഷത്തെ ബജറ്റ് 01.03.2016ലെ ഒന്നാം നമ്പർ തീരുമാനം പ്രകാരവും പുതുക്കിയ ബജറ്റ് 1.6.2016 ലെ 4(2) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (₹1,23,85,594 മുന്നിരിപ്പ് ഉൾപ്പെടെ)₹ 14,80,22,652ഉം ചെലവ് ₹6,37,47,133ഉം നീക്കിയിരിപ്പ് ₹84275519ഉം ആണ്.

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.7.2016 | 2.6.2017 | - | - |

## 1-3 അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം .1.ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 2,14,71,119 |
| വരവ് | 7,18,86,385 |
| ആകെ | 9,33,57,504 |
| ചെലവ് | 6,35,96,624 |
| നീക്കിയിരിപ്പ് | 2,97,60,880 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 15178241 | 9985104 | 66 |
| വികസനഫണ്ട് എസ്.സി.പി. | 31146285 | 24124334 | 77 |
| വികസനഫണ്ട് ടി.എസ്.പി. | 573729 | 548704 | 96 |
| സംരക്ഷണഗ്രാന്റ് റോഡ് | 742200 | 0 | Nil |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3638322 | 2172929 | 59.7 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8512544 | 3582341 | 42 |
| പെർഫോമൻസ് ഗ്രാന്റ് | 4601677 | 3343622 | 72 |
| എം.എൻ.ആർ.ഇ.ജി.എസ്. | 27196608 | 27165179 | 99.9 |
| ബി ഫണ്ട് | 21333250 | 21333250 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 6,98,06,559 | 91 | 4,37,57,234 | 3 | 42 | 67 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 38.7ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6722090 | 3736013 | (-) 2986077 | (-) 44.4 % |
| നികുതിയേതര വരവുകൾ | 452996 | 597391 | (+) 144395 | (+) 31.9 % |
| മറ്റുവരവുകൾ | 169814 | 170257 | (+) 443 | (+) 0.27 % |
| ആകെ | 7344900 | 4503661 | (-) 2841239 | (-) 38.7 % |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5400 | 3 |
| വിധവാപെൻഷൻ | 6263950 | 602 |
| വാർദ്ധക്യകാലപെൻഷൻ | 13782570 | 1513 |
| വികലാംഗപെൻഷൻ | 1281330 | 189 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.07.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പുണ്ടായിരുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.4.2017-11.4.2017 | 2017 ജനവരി മുതൽ മാർച്ച് വരെ | 05.07.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.3.2015 – 19.3.2015 | 2009-10 മുതൽ 2013-14 വരെ | 05.06.2015 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. തനത് ഫണ്ടിനായി ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ മൂന്നാർ ശാഖയിലുള്ള അക്കൗണ്ട്, എസ്. ബി.റ്റി, മൂന്നാർ ശാഖയിലുള്ള പ്ലാൻ അക്കൗണ്ട് എന്നിവ ഒഴികെയുള്ള അക്കൗണ്ടുകൾ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. പ്രസ്തുത അക്കൗണ്ടുകൾ റിക്കൺസിലിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറി, സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ മൂന്നാർ ശാഖയിലുള്ള അക്കൗണ്ട്, (തനത് ഫണ്ട് അക്കൗണ്ട്) 31.3.2017ൽ റിക്കൺസിലിയേഷൻ നടത്തിയത് പരിശോധിച്ചതിൽ താഴെപറയുന്ന ഗുരുതരമായ അപാകതകൾ കാണുന്നു. താഴെ കൊടുത്തിരിക്കുന്ന ചെക്കുകൾ അവയ്ക്ക് നേരെ കൊടുത്തിരിക്കുന്ന തീയതികളിൽ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും കളക്ട് ചെയ്തിട്ടില്ല എന്ന് കാണിച്ചിരിക്കുന്നു.

| ക്രമ നം | ചെക്ക് ലഭിച്ച തീയതി | തുക |
|---|---|---|
| 1 | 31.3.2016 | 309.00 |
| 2 | 31.3.2016 | 309.00 |
| 3 | 31.3.2016 | 309.00 |
| 4 | 4.8.2016 | 699394.00 |
| 5 | 1.9.2016 | 772995.00 |
| 6 | 05.09.2016 | 178407.00 |
| 7 | 19.11.2016 | 11205.00 |
| 8 | 14.12.2016 | 244420.00 |
| 9 | 30.12.2016 | 444.00 |

എന്നാൽ ക്രമ നം. 4, 5, 7 എന്നിവ പ്രകാരമുള്ള തുകകൾ വരവ് വന്നതായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, സാംഖ്യ

പ്രകാരമുള്ള ഡേ ബുക്ക് എന്നിവയിൽ രേഖപ്പെടുത്തലില്ല . റിസർവ് ബാങ്ക് നിയമ പ്രകാരം മൂന്ന് മാസത്തിലധികമായ ചെക്കുകൾ അസാധുവാണെന്നിരിക്കെ ഇവ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ എപ്രകാരമാണ് ഉൾപ്പെടുത്തിയതെന്ന് വ്യകതമല്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ ഐ-14(d) പ്രകാരമുള്ള തുക DBT പ്രകാരം വിതരണം ചെയ്ത പെൻഷൻ തുകയുമായി പൊരുത്തപ്പെടുന്നില്ല.

4. യഥാർത്ഥ ശീർഷകങ്ങളിലല്ല സാംഖ്യയിൽ വരവുകൾ രേഖപ്പെടുത്തുന്നത്. ഉദാഹരണം. 30.3.2017-ൽ മാനവൽ രസീത് ബുക്ക് ഉപയോഗിച്ച് പിരിച്ച വസ്തു നികുതി other items എന്ന ഹെഡിൽ ആണ് സാംഖ്യയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

5. വാടക, ആംബുലൻസ്, മൊബൈൽ മോർച്ചറി എന്നിവയുടെ വരവ് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

6. പ്രധാനനികുതിയിനമായ വസ്തുനികുതിക്ക് ഡിമാൻറ് രജിസ്റ്റർ, കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. ആയതിനാൽ വാർഷികകണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുനികുതി കുടിശ്ശിക തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

7. പരിഷ്കരിച്ച വസ്തു നികുതി പിന്നീട് കുറവ് ചെയ്തപ്പോൾ അതിനോടകം അധികമായി അടച്ച തുക ബാദ്ധ്യതയായി ബി-9 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തനത് ഫണ്ട് അക്കൌണ്ട് റിക്കൺസിലിയേഷനിൽ ഗുരുതരമയ പൊരുത്തക്കേട്

ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ മൂന്നാർ ശാഖയിലുള്ള അക്കൗണ്ട്, (തനത് ഫണ്ട് അക്കൗണ്ട് നം.120411201200002) 31.3.2017ൽ റിക്കൺസിലിയേഷൻ നടത്തിയത് പരിശോധിച്ചതിൽ താഴെപറയുന്ന ഗുരുതരമായ അപാകതകൾ കാണുന്നു. താഴെ കൊടുത്തിരിക്കുന്ന ചെക്കുകൾ അവയ്ക്ക് നേരെ കൊടുത്തിരിക്കുന്ന തീയതികളിൽ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും കളക്ട് ചെയ്തിട്ടില്ല എന്ന് കാണിച്ചിരിക്കുന്നു

| ക്രമ നം | ചെക്ക് ലഭിച്ച തീയതി | തുക |
|---|---|---|
| 1 | 31.3.2016 | 309.00 |
| 2 | 31.3.2016 | 309.00 |
| 3 | 31.3.2016 | 309.00 |

| | | |
|---|---|---|
| 4 | 4.8.2016 | 699394.00 |
| 5 | 1.9.2016 | 772995.00 |
| 6 | 05.09.2016 | 178407.00 |
| 7 | 19.11.2016 | 11205.00 |
| 8 | 14.12.2016 | 244420.00 |
| 9 | 30.12.2016 | 444.00 |

എന്നാൽ ക്രമ നം.4, 5, 7 എന്നിവ പ്രകാരമുള്ള തുകകൾ വരവ് വന്നതായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, സാംഖ്യ പ്രകാരമുള്ള ഡേ ബുക്ക് എന്നിവയിൽ രേഖപ്പെടുത്തലില്ല. റിസർവ് ബാങ്ക് നിയമ പ്രകാരം മൂന്ന് മാസത്തിലധികമായ ചെക്കുകൾ അസാധുവാണെന്നിരിക്കെ ഇവ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ എപ്രകാരമാണ് ഉൾപ്പെടുത്തിയതെന്ന് വ്യകതമല്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വരവ് കണക്കുകളിലെ ഗുരുതരമായ പൊരുത്തക്കേട് പരിഹരിക്കാൻ നാളിതുവരെ നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ കൃത്യമായ ബാങ്ക് റിക്കൺസിലിയേഷൻ അടിയന്തിരമായി നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 <u>വസ്തുനികുതി</u>

(എ) <u>നികുതി ക്രമവിരുദ്ധമായി എഴുതിത്തള്ളിയിരിക്കുന്നു.</u>

2016-17 വർഷത്തെ വാർഷിക കണക്കുകളിലെ ഇൻകം & എക്സ്പൻഡീച്ചർ സ്റ്റേറ്റ്മെന്റ് I-18 ഷെഡ്യൂൾ പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിൽ ₹3061131/- എഴുതി തള്ളിയിരിക്കുന്നു. മേൽ തുക 2015-16 സാമ്പത്തിക വർഷത്ത വാർഷിക കണക്കുകൾ പ്രകാരം കുടിശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുകയാണ്.

1998-ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ ചട്ടം(3) പ്രകാരം "തുക ഈടാക്കുവാൻ യാതൊരുവിധത്തിലും സാധിക്കുകയില്ല എന്ന് ഗ്രാമപഞ്ചായത്തിന് ബോധ്യം വന്നാൽ ഓരോ കേസിലും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവക്ക് യഥാക്രമം ആയിരം രൂപ രണ്ടായിരം രൂപ, അയ്യായിരം രൂപ എന്ന പരിധിയിൽ കവിയാത്ത തുക എഴുതിത്തള്ളാൻ തീരുമാനിക്കാവുന്നതാണ്. തുക പരമാവധിയിൽ കൂടുതലാണെങ്കിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും സർക്കാരിന്റെയും അംഗീകാരം വാങ്ങിയ ശേഷം പഞ്ചായത്തിന് എഴുതി തള്ളാവുന്നതാണ്." എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ചട്ടം (2) പ്രകരം "പഞ്ചായത്ത് കമ്മിറ്റി അങ്ങനെയുള്ള തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമ്പോൾ കുടിശിക ഈടാക്കാൻ വേണ്ടി സാധിക്കുന്ന എല്ലാ നടപടികളും കൈക്കൊണ്ടിരുന്നുവെന്നും അത് ഈടാക്കുവാനുള്ള സാദ്ധ്യത വളരെ കുറവാണ് എന്നും ഉള്ള കാര്യം ഉറപ്പാക്കേണ്ടതാണ്" എന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ ചട്ടങ്ങൾ പാലിക്കാതെയാണ് പഞ്ചായത്തിന് ലഭിക്കേണ്ട വൻ തുക എഴുതിത്തള്ളിയിരിക്കുന്നത്.

കുടിശിക എഴുതി തള്ളിയതിന്റെ വിശദാംശംങ്ങൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 1) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ക്രമവിരുദ്ധമായി എഴുതിത്തള്ളിയ ₹3061131/- വിശദാംശംങ്ങൾ ഹാജരാക്കാത്തപക്ഷം പഞ്ചായത്തിനുണ്ടായ നഷ്ടം സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ബാദ്ധ്യതയായി കണക്കാക്കി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) വസ്തു നികുയിൽ വൻ കുടിശിക

വാർഷിക കണക്കുകൾ പ്രകാരം വസ്തു നികുതി ഇനത്തിൽ വൻതുക കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി | തൻവർഷത്തെ കുടിശ്ശിക | 1,98,058 |
| | മുൻവർഷങ്ങളിലെകുടിശ്ശിക | 9,02,307 |
| നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി | തൻവർഷത്തെ കുടിശ്ശിക | 20,69,294 |
| | മുൻവർഷങ്ങളിലെ കുടിശ്ശിക | 49,98,841 |

വളരെ പരിമിതമായ തനത് വരുമാന സ്രോതസുകൾ കൈമുതലായുള്ള ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി ഇത്രയധികം കുടിശ്ശികയായി അവശേഷിക്കുന്നത് അഭിലഷണീയമല്ല. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

(സി) വസ്തു നികുതി കൃത്യമായി അക്കൗണ്ട് ചെയ്യിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തുനികുതി സംബന്ധിച്ച അടിസ്ഥാന വിവരം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമാണ് സൂക്ഷിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ വസ്തുനികുതിയുടെ യഥാർത്ഥ കണക്കിനെ പ്രതിഫലിപ്പിക്കുന്നില്ല. സഞ്ചയ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്കുകൾ പ്രകാരം | 9495736 | 1327236 | 8168500 |
| സഞ്ചയ പ്രകാരം | 6536966 | 1189143 | 5347823 |

വസ്തുനികുതി തൻ വർഷ വരവ്, കുടിശ്ശിക എന്നിവയുടെ യഥാർത്ഥ കണക്ക് ലഭ്യമാകാത്ത സാഹചര്യം ഭരണ സമിതി ഗൗരവമായി വീക്ഷിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

മുൻകൂർ ഒടുക്കിയ വസ്തു നികുതി ലയബിലിറ്റി അയി കാണിച്ചിട്ടില്ല.

വസ്തു നികുതി പരിഷ്കരിച്ചപ്പോൾ അധികമായി കണക്കാക്കി അടച്ച നികുതി പിന്നീട് നികുതി കുറവ് ചെയ്ത അവസരത്തിൽ നികുതിദായകരിൽ നിന്ന് കൂടുതൽ പിരിച്ച തുക ബാദ്ധ്യതയായി കാണിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. നികുതി കൃത്യമായി തിട്ടപ്പെടുത്തി വാർഷിക കണക്കുകൾ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ കൃത്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയില്ല.

തൻവർഷം താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം | വാർഡ്/കെട്ടിട നം |
|---|---|---|---|
| 1 | എ.എൽ.പി.എസ്, ദേവികുളം | 2 | - |
| 2 | എൻ എച്ച് സബ് ഡിവിഷൻ, ദേവികുളം | 2 | - |
| 3 | സബ് ട്രഷറി, ദേവികുളം | 2 | - |
| 4 | നൂർഗിരി റിസോർട്ട്, ദേവികുളം | 2 | - |
| 5 | ദേവികുളം ഗ്രാമപഞ്ചായത്ത് | 2 | - |
| 6 | എസ് ബി റ്റി ദേവികുളം ശാഖ | 2 | - |
| 7 | പ്രിൻസ് ട്രീ റിസോർട്ട് (ജനീഷ് ജലാലുദീൻ) | 1 & 2 | XII/411-413 |
| 8 | ലാസ് പാം റിസോർട്ട് (ഐസക് പീറ്റർ) | 1 & 2 | XII/473 - 483 |
| 9 | സപ്രിംഗ്ഡെയൽ റിസോർട്ട് (ജോളി ജോബ്) | 1 & 2 | XII/73-76 |
| 10 | ഹേർട്ട് ഓഫ് മൂന്നാർ റിസോർട്ട് അന വി ശശി) | 1 & 2 | XII/633 |
| 11 | ക്ലബ് 9 റിസോർട്ട് (ബിന പൗലോസ്) | 1 & 2 | XII/484 |
| 12 | പവിത്രം റിസോർട്ട് (മിയാ രാജേഷ്) | 1 & 2 | XII/402 |
| 13 | എം&എസ് മിസ്റ്റി ഹിൽസ് റിസോർട്ട് (ബെനറ്റ് ഡാനിയേൽ) | 1 & 2 | XII/492 |
| 14 | ജോൺസ് അവന്യൂ റിസോർട്ട് (എം ജെ റോയി) | 1 & 2 | XII/344 |
| 15 | പൈൻ ട്രീ മൂന്നാർ റിസോർട്ട് (എസ് ജോൺസ്) | 1 & 2 | XII/411-413 |
| 16 | വിന്റൻ കാസിൽ റിസോർട്ട് ( കെ എ ദേവസി) | 1 & 2 | XII/494 |
| 17 | ഗ്രീൻ ബ്രൂക്ക് റിസോർട്ട് (രാജ്കുമാർ) | 1 & 2 | XII/340 |
| 18 | കോട്ടേജ് (ജാൻസി ബാലകൃഷ്ണൻ) | 1 & 2 | XII/831 |
| 19 | ഔട്ട് വേ ഹിൽസ് (ഗിരീഷ് ജി നായർ) | 1 & 2 | XVI/652 H |
| 20 | ഔട്ട് വേ ഹിൽസ് (ഗിരീഷ് ജി നായർ) | 1 & 2 | XVI/652 I |
| 21 | ഔട്ട് വേ ഹിൽസ് (ഗിരീഷ് ജി നായർ) | 1 & 2 | XVI/652 J |
| 22 | വുഡ് സ്റ്റോക്ക് റിസോർട്ട് (കുര്യാക്കോസ്) | 1 & 2 | XII/266 |

ഗ്രാമപഞ്ചായത്ത് ജീവനക്കാർ പോലും തങ്ങളുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ലായെന്ന വസ്തുത ഏറെ

ഗൗരവമർഹിക്കുന്നു. തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 2) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വാടക രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് താഴെപറയുന്നവയുടെ വാടകയിനത്തിൽ വാർഷിക കണക്കുകൾ പ്രകാരം വരവുണ്ട്.

1. മുറികളുടെ വാടക
2. ആംബുലൻസിന്റെ വാടക
3. മൊബൈൽ മോർച്ചറിയുടെ വാടക

മേൽ ഇനങ്ങളുടെ വാടക പിരിക്കുന്നത് സംബന്ധിച്ച് രജിസ്റ്ററുകളോ രേഖകളോ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആംബുലൻസ്, മൊബൈൽ മോർച്ചറി എന്നിവയുടെ വാടക പിരിക്കുന്നതിന് ബൈലോ തയ്യാറാക്കുകയോ തുക സ്വീകരിക്കുന്നതിന് രസീതു നൽകുകയോ ചെയ്യുന്നില്ല. വാടക പിരിവിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

<u>നിർദേശങ്ങൾ</u>

1. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാടകയ്ക്ക് നൽകാവുന്ന കെട്ടിടങ്ങളുടെ വിശദാംശംങ്ങൾ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.
2. കെട്ടിടങ്ങൾക്ക് ക്രമ നമ്പർ നൽകേണ്ടതാണ്.
3. മുറികൾ വാടകയ്ക്ക നൽകുമ്പോൾ വാടകക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
4. വാടകയിൽ വാർഷിക വർദ്ധനവ് വരുത്തേണ്ടതാണ്.കെട്ടിടങ്ങളുടെ ക്രമ നമ്പരിന്റെ അടിസ്ഥാനത്തിൽ വാടക രജിസ്റ്റർ തയ്യാറാക്കി വാടകക്കാരുടെ വിശദാംശംങ്ങൾ, ഡെപ്പോസിറ്റ് തുക, സാംഖ്യയിൽ രേഖപ്പെടുത്തിയിരിക്കുന്ന രസീത് നമ്പർ തീയതി എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
5. കുടിശിക ഉണ്ടാകുന്ന പക്ഷം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്
6. കുടിശ്ശികക്കാർക്ക് മുറികൾ തുടർന്നും അനുവദിക്കാതെ പുനർ ലേലം നടത്തേണ്ടതാണ്.
7. ആംബുലൻസ്, മൊബൈൽ മോർച്ചറി എന്നിവയുടെ വാടക ഈടാക്കുന്നത് സംബന്ധിച്ച് ഒരു ബൈലോ തയ്യാറാക്കേണ്ടതാണ്.
8. ആംബുലൻസ്, മൊബൈൽ മോർച്ചറി എന്നിവയുടെ വാടക ഈടാക്കുന്നതിന് രസീത് നൽകേണ്ടതും ഇതു സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഖരമാലിന്യം നീക്കം ചെയ്യൽ -ചെലവ് തടസ്സം ₹.41,07,180/-

പദ്ധതി നം.26/17.ഖരമാലിന്യ സംസ്കരണം.

പ്രശസ്തമായ പല വിനോദ സഞ്ചാര കേന്ദ്രങ്ങളും സ്ഥിതി ചെയ്യുന്ന ദേവികുളം ഗ്രാമ പഞ്ചായത്തിലെ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ലക്ഷ്യമിട്ട് 2013-14 വർഷം മുതൽ ഖരമാലിന്യ സംസ്കരണം എന്ന പദ്ധതി നടപ്പാക്കി വരുന്നു.തിരുവനന്തപുരം ആസ്ഥാനമായുള്ള W-TECH എന്ന സ്ഥാപനവുമായി 20.03.2013ൽ ഏർപ്പെട്ട കരാർ പ്രകാരം 01.04.2013 മുതൽ 31.03.2018 വരെയാണ് പദ്ധതിയുടെ കാലാവധി. പഞ്ചായത്തിലെ മാലിന്യ പ്രശ്നം പഠിച്ച് ഒരു റിപ്പോർട്ട് 2013 വർഷത്തിൽ തയ്യാറാക്കിയതായി കാണുന്നു. ഇതു പ്രകാരം ടൂറിസം വകുപ്പ്, ശുചിത്വ മിഷൻ, ദേവികുളം ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള ഫണ്ടും ഈ പദ്ധതിയുടെ ധന സ്രോതസ്സായി വകയിരുത്തിയിരുന്നു.

2016-17 വർഷം പദ്ധതി നം.26/17 ആയി ഖരമാലിന്യ സംസ്കരണത്തിനായി മുപ്പത് ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയാണ് നടപ്പാക്കിയത്. ഈ പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകളും അധികച്ചെലവുകളും ഉണ്ടായിട്ടുണ്ട്.

1. ടെണ്ടർ നടപടി സ്വീകരിക്കാതെ മേൽ സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിച്ചു.
2. ബ്ലോക്ക് പഞ്ചായത്തിന്റേയും ജില്ലാ പഞ്ചായത്തിന്റേയും വിഹിതമായി പത്ത് ലക്ഷം രൂപ വീതം വകയിരുത്തിയിരുന്നെങ്കിലും തുക ലഭിച്ചില്ല.
3. ടൂറസം വകുപ്പിൽ നിന്നുള്ള ഫണ്ടായി ₹.22,35,000/-തൻവർഷം ലഭിച്ചിരുന്നു, എന്നാൽ പദ്ധതി അടങ്കലിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല.
4. ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി വികസന ഫണ്ട് പത്തു ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരുന്നതെങ്കിലും തനത് ഫണ്ടിൽ നിന്നും 16,48,940 രൂപ പദ്ധിയിൽ ഉൾപ്പടുത്താതെ ചെലവഴിച്ചു.
5. കരാറിലും പദ്ധതിയിലും വ്യവസ്ഥ ചെയ്തിരുന്നപോലെ മാലിന്യങ്ങൾ തരംതിരിക്കുകയോ സംസ്കരിക്കുകയോ ചെയ്തിട്ടില്ല. അതിനുള്ള ഭൗതികസൗകര്യം നിലവിലില്ല. പഞ്ചായത്തിന്റെ ടിപ്പർ ലോറിയിൽ മാലിന്യങ്ങൾ കയറ്റി ഡംമ്പിംഗ് യാർഡിൽ കൂട്ടിയിടുക മാത്രമാണ് ചെയ്തിരിക്കുന്നത്.
6. പഞ്ചായത്തിന് സ്വന്തമായി ചെയ്യാവുന്ന തരത്തിലുള്ള മാലിന്യ നിർമ്മാർജനം മാത്രമാണ് W-TECH നിലവിൽ ചെയ്തുപോരുന്നുള്ളൂ. എന്നാൽ സൂപ്പർവിഷൻ ചാർജ്ജായി പ്രതിമാസം ₹75,000/-വീതം മേൽ സ്ഥാപനത്തിന് നൽകി വരുന്നു.

മേൽക്കാരണങ്ങളാൽ 2016-17 വർഷം W-TECH-ന് നൽകിയ ₹41,07,180 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൌച്ചർ നം/തിയതി | ചെലവ് തുക |
|---|---|---|
| 1 | 21600063/11.05.2016 | 474000 |
| 2 | 21600096/02.06.2016 | 492850 |
| 3 | 21600162/11.07.2016 | 470150 |

| | | |
|---|---|---|
| 4 | 21600213/10.08.2016 | 495240 |
| 5 | 21600272/06.09.2016 | 505640 |
| 6 | 21600339/18.10.2016 | 353350 |
| 7 | 21600399/10.11.2016 | 362500 |
| 8 | 21600592/31.01.2017 | 953450 |
| | ആകെ | 4107180 |

ശാസ്ത്രീയമായ മാലിന്യ നിർമ്മാർജനം നടക്കാത്ത സാഹചര്യത്തിൽ W-TECH മായി ഉണ്ടാക്കിയ കരാർ പുനപരിശോധിക്കേണ്ടതാണ്.

## 3-2 നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിൽ വൻതുക ചെലവാകാതെ അവശേഷിക്കുന്നു.

(എ). നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ദേവികുളം ബ്രാഞ്ചിലുള്ള (മുൻ എസ്.ബി.റ്റി) എസ് ബി അക്കൗണ്ട് നം.67052439733-ൽ വൻ തുക ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. 16.09.2016 വരെയുള്ള രേഖപ്പെടുത്തലനുസരിച്ച് ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ്.₹597500/- ആണ്. മുൻകാലങ്ങളിൽ പദ്ധതി നിർവഹണത്തിനായി പിൻവലിച്ചതിൽ ചെലവാകാതെ കിടക്കുന്ന ഈ തുക സഞ്ചിത നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ബി).സെക്രട്ടറിയുടെ പേരിൽ ദേവികുളം എസ്.ബി.റ്റി-യിലുള്ള അക്കൗണ്ട് നം.67047131771-ൽ 25/6/2017 ൽ ₹.7,65,342/-നീക്കിയിരിപ്പുണ്ട്.നോൺ-ബാങ്കിംങ്ങ് ട്രഷറിയുമായി ഇടപാട് നടത്തിയിരുന്ന കാലയളവിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ച മേൽ തുക ചെലവഴിക്കാത്തതിനാൽ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-3 പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനം നടപ്പിലാക്കിയത് ₹62250- നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| പദ്ധതി നമ്പർ | 22-16-17 |
| പദ്ധതി | വനിത കർഷകർക്ക് തേനീച്ചയും തേനീച്ചപ്പെട്ടികളും വിതരണം(ജനറൽ) |
| ബിൽ നമ്പൽ | 5-16-17 തിയതി 30.03.2017 തുക.₹62250/- |
| അടങ്കൽ തുക | 124500/-(വികസന ഫണ്ട് 62250/-+ഗുണഭോക്തൃ വിഹിതം 62250/-) |

2016-17 വർഷം 83 വനിത കർഷകർക്ക് തേനീച്ചയും തേനീച്ചപ്പെട്ടികളും വിതരണം ചെയ്യുന്നതിനായി

ആവിഷ്കരിച്ച ഈ പദ്ധതിയ്ക്കായി ₹62250 പിൻവലിച്ച് 30.03.2016 ൽ മാവേലിക്കര ഹോർട്ടികോർപ്പിന് നൽകിയിരിക്കുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖയായ ജി.ഒ(എം.എസ്)4/2016തസ്വഭവ 11.01.2016 ഉത്തരവിൽ തേനീച്ചയും തേനീച്ചപ്പെട്ടികളും വിതരണം എന്ന ഇനം ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താത്ത ഇനം നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദംലഭ്യമാക്കിയിട്ടുമില്ല.

2. തേനീച്ചയും തേനീച്ചപ്പെട്ടികളും ഹോർട്ടികോർപ്പിൽ നിന്നും നാളിതുവരെ ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല.

3. തേനീച്ചയും തേനീച്ചപ്പെട്ടികളും എന്ന പദ്ധതിക്കായി 124500/-രൂപ കൈപ്പറ്റിയതായിട്ടുള്ള ഹോർട്ടി കോർപ്പിന്റെ ക്യാഷ് ബില്ല്(ബിൽ നം.2703 തീയതി.29.03.2017) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 83 എണ്ണം ലഭ്യമാക്കിയതായാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇവ കൈപ്പറ്റിയതായും സ്റ്റോക്ക് രജിസ്റ്റർ വോള്യം-1ൽ ചേർത്തിട്ടുള്ളതായും കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഇവ ലഭ്യമായിട്ടില്ല. മാത്രമല്ല ഗുണഭോക്തൃസ വിഹിതമായ 62250/-രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുമില്ല. ഗുണഭോക്തൃ വിഹിതം തുക പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. കൈമാറാത്ത തുകയുൾപ്പെടെയുള്ള തുകയ്ക്കാണ് ഹോർട്ടി കോർപ്പ് ബില്ല് ഹാജരാക്കിയിരിക്കുന്നത്. കൂടാതെ ലഭ്യമാകാത്ത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തേനീച്ചയും തേനീച്ചപ്പെട്ടികളും ലഭ്യമാകാതെ ഇപ്രകാരമൊരു രേഖ ഫയലിൽ ഉൾപ്പെടുത്തിയതിനെക്കുറിച്ച് അന്വേഷണം നടത്തേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

4. ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടില്ല

പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പദ്ധതി നടപ്പിലാക്കുന്നതിന് ചെലവ് ചെയ്ത തുക ഓഡിറ്റിൽ നിരാകരിക്കുന്നു. മറ്റുള്ള അപാകതകൾക്ക് വിശദീകരണം ഹാജരാക്കേണ്ടതുമാണ്.

## 3-4 <u>ന്യൂട്രിമിക്സ് യൂണിറ്റുകൾ സർക്കാർ ഉത്തരവുകൾ പാലിച്ചിട്ടില്ല.</u>

കുടുംബശ്രീ ഡയറക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അമൃതം ന്യൂട്രിമിക്സിന്റെ വില കിലോ ഗ്രാമിന് 56/-രൂപയിൽ നിന്നും 70/-രൂപയായി വർധിപ്പിച്ച് സ.ഉ.(സാധ) നം.159/2017-ത. സ്വ.ഭ.വ.തി.19.01.2017 പ്രകാരം ഉത്തരവായിരുന്നു.

1. ന്യൂട്രിമിക്സ് യൂണിറ്റുകൾ ഉപയോക്താക്കൾക്ക് ഓരോ ചില്ലു കുപ്പി നൽകേണ്ടതും, അത് ന്യൂട്രിമിക്സ് അടച്ച് സൂക്ഷിക്കാനാണെന്ന് അമ്മമാരെ ബോധവൽക്കരിക്കേണ്ടതുമാണ്.
2. ന്യൂട്രിമിക്സ് യൂണിറ്റുകൾ ഫുഡ് സേഫ്റ്റി പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എന്നാൽ ചില്ല് കുപ്പി ന്യൂട്രിമിക്സ് യൂണിറ്റുകൾക്കൊപ്പം ലഭ്യമായിട്ടില്ല. രണ്ടാമത്തെ നിബന്ധനയും പാലിച്ചിട്ടില്ല. നിബന്ധനകൾ പാലിക്കാത്ത അമൃതം ന്യൂട്രിമിക്സ് കോമ്പയാർ യൂണിറ്റിൽ നിന്നും 2/17,3/17 എന്നീ മാസങ്ങളിൽ വാങ്ങിയ ന്യൂട്രിമിക്സിന് വർധിപ്പിച്ച തുകയാണ് (₹.70 നിരക്കിൽ) നൽകിയിരിക്കുന്നത്.

നിബന്ധനകൾ പാലിക്കാത്ത ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് വർധിപ്പിച്ച തുക നൽകിയതിന് വിശദികരണം

നൽകേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

## 3-5 ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല

2016-17 വർഷം ആശ്രയ പദ്ധതിക്കുവേണ്ടി പ്രോജക്ട് ആവിഷ്കരിച്ച് ₹400000/-അടങ്കൽ തുക ഉൾപ്പെടുത്തിയിരുന്നു.

പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഭൂരഹിതർക്ക് ഭൂമി, ഭവനം, ഭവന മെയിന്റനൻസ്, ഭക്ഷണം, വിദ്യാഭ്യാസം, സ്വയം തൊഴിൽ സഹായം എന്നിവയുടെ ആവശ്യത്തിനായി 52 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നുവെങ്കിലും (2013-16 ലെ റിപ്പോർട്ട്) തൻവർഷം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

കുടുംബശ്രീ -ആശ്രയ പ്രോജക്ട് 2013-16 വർഷം തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരമുള്ളത്

| | | |
|---|---|---|
| ആകെ ഗുണഭോക്താക്കൾ | : | 52 |
| പ്രോജക്ട് പ്രകാരം വീട് ആവശ്യമുള്ളവർ | : | 17 |
| ലഭിച്ചവർ | : | ഇല്ല |
| പ്രോജക്ട് പ്രകാരം വീട് മെയിന്റനൻസ് ആവശ്യമുള്ളവർ | : | 4 |
| പ്രോജക്ട് പ്രകാരം വീട് മെയിന്റനൻസ് ലഭിച്ചവർ | : | ഇല്ല |
| പ്രോജക്ട് പ്രകാരം ഭക്ഷണം ആവശ്യമുള്ളവർ | : | 52 |
| പ്രോജക്ട് പ്രകാരം ഭക്ഷണം ലഭിച്ചവർ | : | ഇല്ല |
| പ്രോജക്ട് പ്രകാരം ചികിത്സ ആവശ്യമുള്ളവർ | : | 44 |
| പ്രോജക്ട് പ്രകാരം ചികിത്സ ലഭിച്ചവർ | : | 1 (1x1500=1500) |
| പ്രോജക്ട് പ്രകാരം വിദ്യാഭ്യാസം ആവശ്യമുള്ളവർ | : | 2 |
| പ്രോജക്ട് പ്രകാരം വിദ്യാഭ്യാസം ലഭിച്ചവർ | : | 1 (5,000) |
| പ്രോജക്ട് പ്രകാരം പെൻഷൻ ആവശ്യമുള്ളവർ | : | 50 |
| പ്രോജക്ട് പ്രകാരം പെൻഷൻ ലഭിച്ചവർ | : | 31 (₹400 / മാസം)<br>1 മാസം മാത്രം |
| പ്രോജക്ട് പ്രകാരം വീൽചെയർ ആവശ്യമുള്ളവർ | : | 7 |
| പ്രോജക്ട് പ്രകാരം വീൽചെയർ ലഭിച്ചവർ | : | ഇല്ല |
| പ്രോജക്ട് പ്രകാരം സ്വയംതൊഴിൽ സഹായം ആവശ്യമുള്ളവർ | : | 4 |

| | | |
|---|---|---|
| പ്രോജക്ട് പ്രകാരം സ്വയംതൊഴിൽ സഹായം ലഭിച്ചവർ | : | ഇല്ല |

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി "ആശ്രയ" പ്രോജക്ട് നടപ്പിലാക്കുവാൻ ഗ്രാമപഞ്ചായത്ത് ബാദ്ധ്യസ്ഥമായിരിക്കെ തൻവർഷം ആശ്രയ പദ്ധതി നടപ്പിലാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 പാലിയേറ്റീവ് കെയർ - മരുന്ന് ലഭിച്ചിട്ടില്ല ചെലവ് തടസം ₹288030

| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | |
|---|---|---|
| ബിൽ നം.തിയതി.തുക | 19/16-17/31.03.2017<br>₹ 148860/- | 28/16-17/31.03.2017<br>₹ 215330/- |

പാലിയേറ്റീവ് കെയറിന്റെ മരുന്നും അനുബന്ധ ചെലവുകൾക്കുമായി സൂചിത ബില്ലുകൾ പ്രകാരം പിൻവലിച്ച തുകയിൽ ₹72700/-,₹215330-ആഡ്വാൻസായി കെ.എം.സി.എൽ-ന് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ ₹288030/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1000000 | ഖരമാലിന്യ നിർമ്മാർജ്ജനം | 1000000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുളള തുക |
|---|---|---|---|---|---|
| കെ എസ്. ഇ.ബി | കുട്ടിയാർ വാലി എസ്.സി.കോളനി ഇലക്ട്രിഫിക്കേഷൻ | ലഭ്യമല്ല | 2739709 | 2739450 | 259 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 2015-16 | 4-2 | തദേശ സ്ഥാപനങ്ങളിലെ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് | ലഭ്യമല്ല |
| 2013-14 | | | 3-1 | - | - |
| 2013-14 | | | 3-4 | - | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,18,86,385 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,35,96,624 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 62250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4395210 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നം. | | | ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | - | 62250 | ശ്രീമതി.പമീള വിമൽരാജ്, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4107180 | ₹1437000/- എസ്.ബിനുകമാർ, സെക്രട്ടറി<br>₹3020460/- വി.എസ്.പാൽസ്വാമി, സെക്രട്ടറി |
| 3-6 | 288030 | ഡോ.അർച്ചന എസ്,മെഡിക്കൽ ഓഫീസർ |
| ആകെ | 4395210 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി പമീള വിമൽരാജ്<br>കൃഷി ഓഫീസർ | മാണിക്കൽ ഗ്രാമപഞ്ചായത്ത്<br>പിരപ്പൻകോട്, തിരുവനന്തപുരം | സ്നേഹപീഠം<br>മാതവന, കരകുളംപി.ഒ<br>തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | എൽ എഫ് ഐ -9/515/08/11.8.08 | |
| 2006-2007 | 2005-06എൽ എഫ് ഐ -9/515/08/11.8.08 | |
| 2007-08 | എൽ എഫ് ഐ -9/199/10/03.03.12 | |
| 2008-09 | എൽ എഫ് ഐ -14/618/11/7.3.12 | |
| 2009-10 | എൽ എഫ് ഐ -14/208/11/8.3.12 | |
| 2010-11 | എൽ എഫ് ഐ -14/1502/12/4.7.13 | |
| 2011-12&2012-13 | എൽ എഫ് ഐ -14/1304/13/8.7.14 | |
| 2013-14&2014-15 | കെ.എസ്.എ.ഐ.ഡി.കെ-14/1262/15/28.3.16 | |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-14/1493/2016 തി.30.12.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം.1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

നം.കെ.എസ്.എ.ഐ.ഡി.കെ.14/984/2017

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി: 14.07.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK.14/984/2017

Kerala State Audit Department
District Audit Office, Idukki
Thodupuzha, Date:14.07.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Devikulam Gramapanchayat in Idukki district for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994 , the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of Audit of accounts of Panchayat Raj Instituitions.

In my opinion, the Financial Statements of Devikulam Gamapanchayat for the year 2016-17, except the observations in my Audit Report properly presents the picture of Income and Expenditure.

DEPUTY DIRECTOR
IDUKKI